# ആഹ്ലാദത്തിനു പുതിയ മാനങ്ങൾ

(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*)

ക്രിസ്ത്യൻ അന്തരീക്ഷത്തിൽ ജനിച്ചു വളർന്നവർക്ക് ഏറ്റവും ആനന്ദം തരുന്ന സമയമാണ് ക്രിസ്തുമസ്സിനുള്ള കാത്തിരുപ്പിന്റെ ആഗമനകാലം. ജീവിതത്തിന്റെ ഏതു ദശയിൽ കുരുങ്ങിക്കിടന്നാലും – മറ്റു സംസ്കാരം നേരിട്ടോ അല്ലാതെയോ സ്വാംശീകരിച്ചാൽപോലും – അതിൽനിന്ന് ആർക്കും മോചനമില്ല. ഓർമ്മയാണ് മനുഷ്യന്റെ അത്യുന്നത സ്വത്ത്. അതുകൊണ്ട്, ഓർമ്മകളെ കെടുത്തുന്ന, നശിപ്പിക്കുന്ന ആഘാതം (trauma) ഏൽപ്പിക്കുന്ന വ്യക്തികൾ ഒരർത്ഥത്തിൽ ഏറ്റവും വലിയ ക്രിമിനലുകളാണ്.

ഭാഷ പ്രതീകാത്മകമായ പദങ്ങളിൽ ജീവിക്കുന്നു; ഭാഷയിലൂടെ നാമും. ക്രിസ്തുമസ്സ്-അരൂപിയും തഥൈവ. നക്ഷത്രവും, പുൽക്കൂടും, ആട്ടിടയനും, കരോളും, ഗ്രീറ്റിങ് കാർഡും ആഹ്ളാദത്തിനു അനുബന്ധമാകുന്നു. ക്രിസ്തുമസ്സ്കാലത്ത് ഉണ്ടാകുന്ന ദുഃഖം മായാത്ത വടുവായി അവശേഷിക്കുന്നു. റോക്ഫെല്ലർ സെന്ററിലേയും വൈറ്റ് ഹൌസിലേയും കൂറ്റൻ ക്രിസ്തുമസ്സ് ട്രീകൾ കണ്ടിട്ടും, ആദ്യം അറിഞ്ഞ ക്രിസ്തുമസ്സ് ട്രീ ശീർഷാമാശയത്തിലെ അയവെട്ടായി മാറുന്നു. തലയിൽ ഒതുങ്ങാത്ത മതതത്ത്വബോധിനികൾ വിഴുങ്ങാൻ വിസമ്മതിക്കുന്നവരിലും മറ്റൊരു മാനത്തിൽ ആഹ്ലാദം അലയടിക്കുന്നു.

എല്ലാ ആഘോഷങ്ങളും മറവിയും ഓർമ്മയും തമ്മിലുള്ള പാരസ്പര്യത്തിലെ തൂക്കുപാലങ്ങളാകുന്നു. അമേരിക്കയിൽ ക്രിസ്തുമസ്സ് ഒരു മതേതര ആഘോഷത്തിന്റെ മാനം കൈവരിച്ചിട്ടുണ്ട്, കേരളത്തിൽ ഓണമെന്നപോലെ. ഇവിടത്തെ ഹൈന്ദവ ഭവനങ്ങളിലും പ്രതീകാത്മകമായി ക്രിസ്തുമസ്സ് ട്രീകൾ അലങ്കരിക്കപ്പെടുന്നു. ലോകവ്യാപക-സർവ്വജന ആഘോഷമായ ക്രിസ്തുമസ്സ് സന്ദേശം, Yule എന്ന ജെർമ്മൻ പദത്തിലും Noel എന്ന ഫ്രെഞ്ച് പദത്തിലും അന്തർലീനമാണ്.

ക്രിസ്തുമസ് സ്മരണക്കു പകരം ചിന്തയെ മഥിച്ച ചില ചിഹ്നസ്വരൂപങ്ങൾ:

## X എന്ന അജ്ഞാതൻ

ചുരുക്കരൂപമായ Xmas-ലെ X, ബീജഗണിതത്തിലെ അറിയാത്ത അക്ഷരമായി അലട്ടിയ, ഹൈസ്കൂളിലെ ഓടിട്ട മേൽക്കൂരയിലൂടെ മുനിഞ്ഞിറങ്ങിയ സൂര്യരശ്മി വീണ പാഠപുസ്തകത്തിലെ കറുത്ത അക്ഷരങ്ങളുമായി കൂട്ടിത്തിരുമ്മിയ മിശ്രചിന്തയായിരുന്നു. ഗ്രീക്കുഭാഷയിലെ ക്രൈസ്റ്റ് എന്ന പദത്തിലെ ആദ്യാക്ഷരമായ X ആകുന്നു (Χριστός) അതെന്നറിയാൻ കാലം ഏറെയെടുത്തു. വിശുദ്ധകർമ്മങ്ങളിൽ പുരോഹിതൻ അണിയുന്ന വർണ്ണാഭമായ ആടയുടെ പുറംലിഖിതമായ കൂറ്റൻ X-ഉം ഉത്ഭവിച്ചത് ഇതേ പദത്തിൽ നിന്നെന്നുള്ള തിരിച്ചറിവ് അമേരിക്കൻ ഭാഷാപ്രയോഗത്തിൽ "കൂൾ" ആണെന്നു പറയാം.

രസതന്ത്രക്ലാസ്സിലെ ആദ്യ കോളേജദ്ധ്യാപകനായ കൃഷ്ണൻനമ്പീശൻ മാസ്റ്റർ, ക്രിസ്റ്റൽ എന്നത് X'l എന്നും, ക്രിസ്റ്റലൈസേഷൻ എന്നത് X'llization എന്നും കറുത്ത ബോർഡിൽ വെളുത്ത ചോക്കിൽ ചുരുക്കിയെഴുതി Christ-നു ബിംബസ്വരൂപം ചാർത്തിയത്, ഇന്നും വെളുത്ത ബോർഡിൽ വർണ്ണ "ഫെൽറ്റു"പേനകൊണ്ടു രസതന്ത്രാശയങ്ങൾ വരയ്ക്കുമ്പോൾ

അറിയാതെ സ്പഷ്ടമായ വിരൽസ്പർശമാകുന്നു.  ഗുണപാഠം: ഓർമ്മകളിൽ നിന്നും പൂർണ്ണമുക്തി പ്രാപിക്കാനുള്ള വിമോചനസമരത്തിലെ മുദ്രാവാക്യങ്ങൾ ഇനിയും എഴുതപ്പെട്ടിട്ടില്ല.

## ക്രിസ്താനുകരണം

തോമസ് കെംപിസിന്റെ പ്രശസ്ത ഗ്രന്ഥമായ The Imitation of Christ (Ca. 1400) ബൈബിളിനുശേഷം ഏറ്റവുമധികം വിറ്റഴിഞ്ഞ പുസ്തകമാണ് — ആദ്ധ്യാത്മികചിന്ത ക്രിസ്ത്യൻ വിശ്വാസ പശ്ചാത്തലത്തിൽ മെനഞ്ഞെടുത്ത ഒരു കൊച്ചു കൈപുസ്തകം. 1900 ആയപ്പോഴേക്കും അറുനൂറിലധികം തവണ ഈ ഗ്രന്ഥം അച്ചടിക്കപ്പെട്ടു.

ക്രിസ്ത്യൻ തത്ത്വചിന്ത ലളിതവൽക്കരിച്ച ഇതിലെ ചെറുഖണ്ഡങ്ങൾ ക്രിസ്തുമസ്സ് സന്ദേശമായ പ്രത്യാശയും സമാധാനവും I.V. (ഇൻട്രാവീനസ്) ആയുള്ള കുത്തിവെപ്പാണ്. ആധുനിക ജീവിതസാഹചര്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇണങ്ങാത്ത കണ്ണികൾ ഏറെ കണ്ണിൽപ്പെട്ടേക്കാമെങ്കിലും, അല്ലറചില്ലറ പുനരാഖ്യാനത്തോടെ ഇതിലെ പ്രധാന സംഹിതകൾ നിത്യജീവവായു ശ്വസിച്ചേക്കാം.  സാധാരണ ജീവിതത്തിൽ അനുഭവവേദ്യമാകുന്ന മിക്ക പ്രശ്നങ്ങൾക്കും ചിന്തയെ ഉദ്ദീപിപ്പിക്കുന്ന ആദ്ധ്യാത്മിക മറുമരുന്നുകൾ ഈ ഗ്രന്ഥത്തിൽ സുലഭമാണ്.  പ്രശ്നപരമ്പരയിൽ കുടുങ്ങിക്കിടക്കുന്നവർക്കു മന:ശാന്തിക്കുള്ള കാഷായമണിഞ്ഞ ഉത്തേജനകഷായം. ക്രിസ്ത്യാനികൾ ക്രിസ്തുവിനെ അനുകരിക്കുന്നുണ്ടോ എന്നറിയാനൊരു ഉരക്കല്ല്!

## ഡിക്കെൻസിന്റെ കരോൾ

ക്രിസ്തുമസ്സിന്റെ സന്ദേശം ക്രിസ്തുവിന്റെ ജീവിതത്തിന്റെ ആത്മസത്തയാകുന്നു. കാരുണ്യം, സഹജീവികളോടുള്ള അനുകമ്പ, എളിമ, ഉദാരത എന്നീ സദ്ഗുണങ്ങൾ ജനങ്ങളെ ഓർമ്മിപ്പിക്കാൻ ചാൾസ് ഡിക്കെൻസ് 1843-ൽ, ആറാഴ്ച്ചകൊണ്ട് എഴുതിത്തീർത്ത "നോവെല"യാണ് A Christmas Carol എന്ന പ്രശസ്ത ഗ്രന്ഥം.  വായിച്ചുമറന്ന കഥാബീജവും, കണ്ടുമറന്ന ബ്രോഡ്‌വേ രംഗങ്ങളും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ അടിത്തട്ടിൽനിന്നും മുകൾപ്പരപ്പിലേക്ക് എത്തുമ്പോൾ, വീണ്ടും പ്രത്യക്ഷപ്പെടുന്നത് അറുപിശുക്കനായ എബ്നീസർ സ്ക്രൂജിന്റെ അത്ഭുതകരമായ മനംമാറ്റത്തിന്റെ ദൃശ്യങ്ങളാണ്.

ഒരു ക്രിസ്തുമസ്സ് രാത്രിയിൽ, സ്ക്രൂജിന്റെ മരിച്ചുപോയ കച്ചവടപങ്കാളി ജേക്കബ് മാ(ർ)ലി മരണശേഷമുള്ള അവസ്ഥ അയാൾക്ക് പ്രത്യക്ഷപ്പെട്ട് കാട്ടിക്കൊടുക്കുന്നു. അന്നുതന്നെ, സഹജരെ മരണശേഷം സഹായിക്കാൻ കഴിയാത്ത, മരവിച്ച മനസ്സുമായി പരലോകത്തു ജീവിക്കുന്ന മൂന്നു ആത്മാക്കൾ –ഭൂതം, വർത്തമാനം, ഭാവി– സ്ക്രൂജിനെ സന്ദർശിച്ച്, അയാളുടെ കഴിഞ്ഞതും നടക്കുന്നതും വരാനിരിക്കുന്നതുമായ ജീവിതരംഗങ്ങൾ കാട്ടിക്കൊടുക്കുന്നു. ഭീകര യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞ സ്ക്രൂജ് രാവിലെയുണർന്നത് ഉദാരമനസ്കതയുടെ സത്യസന്ധമായ പരിവർത്തന ശലാകയേന്തി സുതാര്യതയോടെയാണ്. അതോടെ സ്ക്രൂജിന്റെ ജീവിതത്തിൽ വെളിച്ചം പരക്കുന്നു. ക്രിസ്തുമസ്സുപോലും ഒരു "ഹംബഗ്ഗാ"യി കണ്ടിരുന്ന സ്ക്രൂജ്, പണം മാത്രം ജീവിതമെന്ന സിദ്ധാന്തം വെടിഞ്ഞ്, മാനുഷികമൂല്യങ്ങളുൾക്കൊണ്ട് ആത്മനെ വീണ്ടെടുക്കുന്നു.

## വെള്ളപ്പട്ടു വിരിച്ച ക്രിസ്തുമസ്സും
## നാടൻ കുളിരണിഞ്ഞ ക്രിസ്തുമസ്സ് രാത്രിയും

എളിയവനായി, കാലിത്തൊഴുത്തിൽ ഉദിച്ച ക്രിസ്തുവിന്റെ ജീവിതാദർശങ്ങളും തത്ത്വസംഹിതകളും കടഞ്ഞ സാരോപദേശസഞ്ചയം, ചെമ്പരവതാനി വിരിച്ച വീഥികളിലൂടെ സഞ്ചരിക്കാൻ വിസമ്മതിക്കുന്നതിന്റെ മുഖ്യകാരണം, അതിലെ പാവങ്ങളോടും രോഗികളോടും കഷ്ടപ്പെടുന്നവരോടുമുള്ള കരുണാർദ്രമായ സമീപനമാകുന്നു. ധനുമാസക്കുളിരണിഞ്ഞ പഴയ പാതിരാക്കുർബ്ബാനയ്ക്കു ശേഷമുള്ള ഉറക്കച്ചടവാർന്ന മടക്കയാത്രയും, മിഡ്-നൈറ്റ് മാസ്സ് കഴിഞ്ഞു മഞ്ഞണിഞ്ഞ വഴിയോരങ്ങളിലൂടെ പാർക്കിങ്ങ് ലോട്ടിലേക്കു പ്രവേശിക്കുന്ന ജീവിതസരണിയും തമ്മിൽ പ്രയോഗതലത്തിൽ അന്തരമുണ്ടെങ്കിലും, മാനുഷികമൂല്യങ്ങളെ ക്രൈസ്തവ അരൂപിയിൽ ദർശിക്കുമ്പോൾ, അടിയൊഴുക്കായി വർത്തിക്കേണ്ടത് മുമ്പേ വിവരിച്ച ആദർശ സഞ്ചയമായിരിക്കണം.

